# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.523

## 29/10/2019 ൽ മറുപടി നൽകേണ്ടത്

### കയർ/കള്ളുവണ്ടി തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി

**മറുപടി**

ഡോ. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യക്ഷേമ വിഭാഗത്തിൽ ഉൾപ്പെടുന്ന പെൻഷനുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | സാമൂഹ്യക്ഷേമ വിഭാഗത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗത്തിൽ താഴെ പറയുന്ന 5 പെൻഷനുകൾ ഉൾപ്പെടുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. കർഷക തൊഴിലാളി പെൻഷൻ<br>5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ |
| (ബി) | കയർ / കള്ളുവണ്ടി തൊഴിലാളികൾക്ക് പ്രസ്തുത തൊഴിൽ ചെയ്യുതിന്റെ ഭാഗമായി ലഭിക്കുന്ന പെൻഷൻ കൈപ്പറ്റുന്നതിനാൽ അർഹമായ സാമൂഹ്യ പെൻഷനുകൾ നിരാകരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം പ്രതിമാസം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം 1000 രൂപയായും തുടർന്ന് അത് 1100 രൂപയും തുടർന്ന് 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി പെൻഷനും 1200 രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കള്ളുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നിവയുൾപ്പെടെ തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകാൻ കഴിയാത്ത ബോർഡുകളുടേയും പെൻഷൻ സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കിൽ സർക്കാരാണ് നൽകുന്നത്. ഈ സാഹചര്യത്തിൽ ഒരാൾക്ക് |

| | | |
|---|---|---|
| | | ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 06/02/2017 ന് മുമ്പ് രണ്ടോ അതിലധികമോ പെൻഷൻ ലഭിച്ചു വന്നിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് തൊഴിൽപരമായി ലഭിക്കുന്ന പെൻഷന് പുറമേ അർഹമായ സാമൂഹ്യക്ഷേമ പെൻഷൻ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ക്ഷേമനിധി ബോർഡ് പെൻഷനും നിലവിൽ സർക്കാരാണ് വഹിക്കുന്നത്. ബോർഡുകൾ തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി ലഭിക്കാൻ അർഹതയുണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**